# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.763 29.09.2016 ൽ മറുപടിക്ക്

**ഫോർട്ട്കൊച്ചി വെളി സ്പോട്സ് കോംപ്ലക്സ്**

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊച്ചി നിയോജക മണ്ഡലത്തിൽ എൽ.എ .സി -എ.ഡി .എസ് -ൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോർട്ട്കൊച്ചി & വെളി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) (ബി) കൊച്ചി നിയോജക മണ്ഡലത്തിൽ എൽ.എ.സി-എ.ഡി.എസ്-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോർട്ട്കൊച്ചി വെളി സ്പോർട്സ് കോംപ്ലക്സ് ഗ്രൗണ്ടിന്റെ ചുറ്റം മുള്ളുവേലി കെട്ടുന്ന പ്രവർത്തിയിൽ ഫൗണ്ടേഷന്റെയും ബേസ്മെന്റിന്റേയും പണി പൂർത്തീകരിച്ചിട്ടുണ്ട്. മുള്ളുവേലി, കളിസ്ഥലം, കാന എന്നിവയുടെ നിർമ്മാണം ബാക്കിയുണ്ട്. നിലവിൽ ഗ്രൗണ്ട് ചുറ്റുമുള്ള റോഡിനേക്കാൾ താഴ്ന്ന നിലയിലാണ്. വെള്ളക്കെട്ട് ഒഴിവാക്കി അന്താരാഷ്ട്ര നിലവാരത്തിൽ കളിസ്ഥലം ശരിയാക്കുന്നതിനാവശ്യമായ മണ്ണ് ലഭ്യമല്ലാത്തതാണ് ടി പ്രവർത്തി പൂർത്തീകരിക്കുവാനുള്ള പ്രധാന തടസ്സം. ഈ പ്രവൃത്തിക്കുമാത്രമായി നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ ഇളവുവരുത്തേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹു. ജില്ലാ കളക്ടർ, ഫിഫ അധികൃതർ എന്നിവരോട് പൊതുമരാമത്ത് അധികൃതർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Bmadev

**സെക്ഷൻ ഓഫീസർ**